പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**ഐ.എ.വൈ പദ്ധതി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3000 — 23.03.2015 ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ.റഹീം | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ വർഷവും എത്ര വീടുകൾ വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇന്ദിരാ ആവാസ് യോജന പ്രകാരം ഓരോ വർഷവും അനുവദിച്ച വീടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. |

| വർഷം | എണ്ണം |
|---|---|
| 2011-12 | 54717 |
| 2012-13 | 44902 |
| 2013-14 | 42125 |
| 2014-15<br>2015 ഫെബ്രുവരി വരെ | 48075 |
| ആകെ | 189819 |

| ചോദ്യം | ഉത്തരം |
|---|---|
| (ബി) കേന്ദ്ര സർക്കാർ ഐ.എ.വൈ. പദ്ധതി ഗുണഭോക്താക്കളെ തെരെഞ്ഞടുക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിരുന്നുവോ; | (ബി) ഗ്രാമീണ മേഖലയിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വാസയോഗ്യമായ വീടില്ലാത്ത കുടുംബങ്ങളെയാണ് ഐ.എ.വൈ ഭവന നിർമ്മാണ ധനസഹായത്തിന് പരിഗണിക്കുന്നത്. ഇത്തരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭകളിലൂടെയാണ്. ഗ്രാമസഭകളിലൂടെ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പഞ്ചായത്ത്തല ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി മുൻഗണനാക്രമം അനുസരിച്ചാണ് ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നത്. |
| (സി) എങ്കിൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (സി) ഉണ്ട്. സംസ്ഥാനത്ത് വാസയോഗ്യമായ വീടില്ലാത്തനിരവധിപേർ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടാത്തതിനാൽ ഐ.എ.വൈയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിരുന്നില്ല. ഇക്കാരണത്താൽ ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ടവരെയും, ബി.പി.എൽ. റേഷൻ കാർഡ് കൈവശമുള്ളവരേയും, 50,000/- രൂപയ്ക്ക് താഴെ വരുമാനമുള്ളവരെയും ഐ.എ.വൈ |

| | | | |
|---|---|---|---|
| | | | ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അനുവാദം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ഡി) | ന്യൂനപക്ഷ വിഭാഗത്തിൽപെട്ടവർക്ക് എത്ര ശതമാനം വീടുകൾ വീതം നൽകണമെന്നാണ് കേന്ദ്രം നിർദ്ദേശിച്ചിരുന്നതെന്നും പുതുക്കിയ മാനദണ്ഡപ്രകാരം ന്യൂനപക്ഷങ്ങൾക്ക് എത്ര വീതമാണ് നൽകിവരുന്നതെന്നും വ്യക്തമാക്കാമോ? | (ഡി) | ഇന്ത്യ ഒട്ടാകെയുള്ള ആകെ ഭൗതിക ലക്ഷ്യത്തിന്റെ 15% ന്യൂനപക്ഷ വിഭാഗങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്. എന്നാൽ കേന്ദ്രം സംസ്ഥാനങ്ങൾക്ക് ഓരോ വർഷവും അനുവദിക്കുന്ന ഭൗതിക ലക്ഷ്യം മാത്രം പരിഗണിക്കുമ്പോൾ ഓരോ വിഭാഗത്തിനുമുള്ള അനുപാതത്തിൽ വ്യത്യാസം ഉണ്ടാകും. 2014-15 വർഷത്തേയ്ക്ക് കേരളത്തിന് അനുവദിച്ചിരിക്കുന്ന ഭൗതിക ലക്ഷ്യം 59060 വീടുകളാണ്. അതിൽ 17875 വീടുകൾ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ഇത് ആകെ സംസ്ഥാന ഭൗതിക ലക്ഷ്യത്തിന്റെ 30.27% ആണ്. |

സെക്ഷൻ ഓഫീസർ